**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3567** **27-06-2024 - ൽ മറുപടിയ്ക്ക്**

**ജനകീയാസൂത്രണ പദ്ധതി മാർഗരേഖയിൽ ചെറുകിട നാമമാത്ര ഏലം കർഷകരെയും ഉൾപെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതി മാർഗരേഖയിൽ ചെറുകിട നാമമാത്ര ഏലം കർഷകർക്കും കൂടി ജൈവവളം, രാസവളം, നടീൽ വസ്തുകൾ, മറ്റു ഉല്പാദനോപാധികൾ, കൃഷിക്കുള്ള മറ്റു സബ്സിഡികൾ എന്നിവ നൽകുന്ന കാര്യം ഉൾപ്പെടുത്താനുള്ള നിർദേശം നൽകാമോ; വിശദമാക്കാമോ; | (എ) | പരിശോധിക്കുന്നതാണ്. |
| (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ ഏലം, തേയില, കൃഷി എന്നിവ ഇൻഷ്വർ ചെയ്യുന്നതിന് കുറഞ്ഞത് 1 ഹെക്ടർ കൃഷിഭൂമി വേണം എന്നത് കുറഞ്ഞത് 25 സെന്റ് വേണം എന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (ബി) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | കാലാവസ്ഥ വ്യതിയാനം മൂലമുള്ള വിളവ് നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനുതകുന്ന കാലാവസ്ഥ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രാദേശിക കാലാവസ്ഥ നിലയം രണ്ടോ അതിലധികമോ പഞ്ചായത്തുകൾക്ക് ഒന്ന് മാത്രമാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ആയത് ഒരു പഞ്ചായത്തിന് ഒന്ന് എന്ന രീതിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഡി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പ് അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് വഴിയാണ്. പദ്ധതിയ്ക്കായി കൂടുതൽ കാലാവസ്ഥാ നിലയങ്ങളുടെ സേവനം ഘട്ടം ഘട്ടമായി കമ്പനി ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ